തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

11 (*641) ശ്രീമതി. ജെ. അരുന്ധതി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വികസനപ്രവർത്തനങ്ങൾക്കായി ഓരോ വർഷവും കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസംവിധാനം ചിട്ടപ്പെടുത്താനും കണക്കു സൂക്ഷിപ്പുമെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് പുനർനിർണ്ണയിക്കുന്നതിന് നാലാം ധനകാര്യകമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; കമ്മീഷന്റെ കാലാവധി എത്ര മാസമാണെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) 1. ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.

2. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.

3. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി.

4. ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.

(ബി) ഉണ്ട്. വിഹിതത്തിൽ ഓരോ വർഷവും 10 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞിട്ടുണ്ട്.

(ഡി) 1-4-2006 മുതൽ ഗ്രാമപഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് പഞ്ചായത്തിന്റെ എല്ലാ വരുമാനവും എല്ലാ ചെലവുകളും പഞ്ചായത്തിന്റെ Cash Book -ലും അനുബന്ധ രേഖകളിലും രേഖപ്പെടുത്തുന്ന സംവിധാനം നിലവിൽവന്നു.

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾ സൂക്ഷിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 12-4-2006 -ലെ സ.ഉ(പി) നമ്പർ:177/06/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ പാലിക്കുകയും ചെയ്യുന്നുണ്ട്. ഏതാനും ചില ഗ്രാമപഞ്ചായത്തുകളിലൊഴികെ മറ്റെല്ലാ സ്ഥാപനങ്ങളിലും കുടിശ്ശികയില്ലാതെ കണക്കെഴുതി സൂക്ഷിക്കുന്നുണ്ട്. (2008-09)- ൽ ഒരു ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തുകളും വാർഷിക ധനകാര്യപത്രിക തയ്യാറാക്കി ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. (2009-10)- ൽ ഇതുവരെ 363 ഗ്രാമപഞ്ചായത്തുകൾ വാർഷിക ധനകാര്യ പത്രിക ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. † മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അക്കൗണ്ട്സ് കുടിശ്ശിക ഇല്ല. അഞ്ച് കോർപ്പറേഷനുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലും 1-4-2007 മുതൽ Double Entry Acounting System നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് നഗരസഭകളിൽ 1-4-2010 മുതൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കിത്തുടങ്ങി. പഞ്ചായുകളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിക്കുകയും അതിനുള്ള അക്കൗണ്ട്സ് റൂൾസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി അക്കൗണ്ട് റൂൾസ് ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

(ഇ) ഉണ്ട്. നോട്ടിഫിക്കേഷൻ നമ്പർ 42650/Admn.A1/2009/Fin.Dated 19-9-2009 പ്രകാരം നോട്ടിഫിക്കേഷൻ തീയതി മുതൽ ഒരു വർഷമാണ് കമ്മീഷന്റെ കാലാവധി.

ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

12 (*642) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി പ്രോത്സാഹനം നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ഹോട്ടലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി സബ്സിഡി എന്നിവ നിക്ഷേപകർക്ക് നൽകുന്നുണ്ടോ ;

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[28-7-2010 ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*641)-ന്റെ ഉത്തരം കാണുക]

വാർഷിക ധനകാര്യ പത്രിക-ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന് സമർപ്പിച്ചത് സംബന്ധിച്ച്

ക്രമ നം.	ജില്ലയുടെ പേര്	ഡിസ്ട്രിക്ട്മെയിന്റനൻസ് ഫണ്ട്	2005-06 വർഷത്തെ വരവ്	2006-07 വർഷത്തെ വരവ്	2007-08 വർഷത്തെ വരവ്	2008-09 വർഷത്തെ വരവ്	2009-10 വർഷത്തെ വരവ്	2009-10 വർഷത്തെ ചെലവ്	2005-06 വർഷം വരെയുള്ള പ്രസ്തുത കണക്കിലെ ബാക്കി	2006-07 ലെ പ്രസ്തുത കണക്കിലെ ബാക്കി	2007-08 ലെ പ്രസ്തുത കണക്കിലെ ബാക്കി	2008-09 ലെ പ്രസ്തുത കണക്കിലെ ബാക്കി
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
1	തിരുവനന്തപുരം	78	75	78	78	78	32	46	ശ്രീകാര്യം (1990-91, 92-93, 95-96) പഴയകുന്നുമ്മേൽ (1992-93 മുതൽ 1995-96 വരെ) കുടപ്പനകുന്ന് (1993-94)	ഇല്ല	ഇല്ല	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
2	കൊല്ലം	71	71	71	71	71	71	0	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	പത്തനംതിട്ട	54	53	54	54	54	25	29	പന്തളം (2000-01 01-02, 02-03)	ഇല്ല	ഇല്ല	ഇല്ല
4	ആലപ്പുഴ	73	72	73	73	73	13	60	വെളിയനാട് (97-98, 98-99 99-2000)	ഇല്ല	ഇല്ല	ഇല്ല
5.	കോട്ടയം	75	75	75	75	75	37	38	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	ഇടുക്കി	52	47	52	52	52	26	26	കാന്തല്ലൂർ (92-93, 93-94 94-95) വട്ടവട (93-94, 94-95 95-96, 01-04) കരിങ്കുന്നം (94-95, 95-96) ശാന്തൻപാറ (95-96) കുമളി (95-96)	ഇല്ല	ഇല്ല	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

7	എറണാകുളം	88	86	88	88	88	12	76	പിറവം (87-88 മുതൽ 2000-01 വരെയും 2002-03 മുതൽ 04-05 വരെയും) തിരുവാണിയൂർ (97-98 മുതൽ 2000-01 വരെ)	ഇല്ല	ഇല്ല	ഇല്ല
8	തൃശ്ശൂർ	92	92	92	92	92	20	72	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	പാലക്കാട്	91	91	91	91	91	39	52	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10	മലപ്പുറം	102	100	102	102	102	26	26	നന്നമുത്ത് (97-98 മുതൽ 2001-02 വരെ) ചാലിയാർ (97-98, 98-99)	ഇല്ല	ഇല്ല	ഇല്ല
11	കോഴിക്കോട്	78	78	78	78	78	22	56	ഇല്ല	ഇല്ല	ഇല്ല	ഇല്ല
12	വയനാട്	25	21	25	25	25	5	20	തിരുനെല്ലി (93-94, 95-96),	ഇല്ല	ഇല്ല	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
									തരിയോട് (93-94, 94-95, 95-96, 2000-01) പനമരം (94-95, 95-96) പൂതാടി (93-94, 94-95, 95-96)			
13	കണ്ണൂർ	81	81	81	81	81	33	48		ഇല്ല	ഇല്ല	ഇല്ല
14	കാസർഗോഡ്	39	39	39	39	38	2	37		ഇല്ല	ഇല്ല	ബദിയടുക്ക
	ആകെ	999	981	999	999	998	363	636	18	0	0	1